LIBRARY ARCHIVES Kerala Legislative Assembly

വീട് മെയിന്റനൻസിന് നൽകുന്ന തുക

214 (5017) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതിവിഭാഗക്കാർക്ക് നൽകിയ വീടുകളിൽ ഭാഗികമായി നിർമ്മിച്ച വീടുകളുടെ പണി പൂർത്തീകരിക്കുന്നതിന് എത്ര രൂപ വീതമാണ് നല്കുക ; ഇപ്പോൾ നൽകുന്ന തുക വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ;

(ബി) വീട് മെയിന്റനൻസിനുനൽകിവരുന്ന തുക അപര്യാപ്തമാണെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയത് വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്കുള്ള ഭവനനിർമ്മാണ ധനസഹായ തുക നിലവിൽ 3 ലക്ഷം രൂപയാണ്.

2007-08 മുതൽ 2013-14 വരെ വകുപ്പിൽനിന്നും ഭവനനിർമ്മാണ ധനസഹായം അനുവദിച്ച ഗുണഭോക്താക്കളിൽ മുഴുവൻ ഗഡുക്കളും കൈപ്പറ്റാത്തവർക്ക് അവശേഷിക്കുന്ന ഗഡുക്കൾ പുതുക്കിയ നിരക്കിന് ആനുപാതികമായി നൽകിവരുന്നു. പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്കുള്ള ഭവനനിർമ്മാണ ധനസഹായ തുക 2014 ഒക്ടോബറിലാണ് 3 ലക്ഷം രൂപയായി വർദ്ധിപ്പിച്ചത്. ഈ തുകയിൽ വർദ്ധനവ് വരുത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 2013-14 സാമ്പത്തിക വർഷത്തിൽ ആരംഭിച്ച ഭവനപുനരുദ്ധാരണ പദ്ധതി പ്രകാരം ഒരു ഗുണഭോക്താവിന് 2 ഗഡുക്കളായി 50,000 രൂപ നൽകിവരുന്നു. ഭവനപുനരുദ്ധാരണ ധനസഹായതുക വർദ്ധിപ്പിക്കുന്ന വിഷയം നിലവിൽ പരിഗണനയിലില്ല.

സ്വയംപര്യാപ്ത പട്ടികജാതി ഗ്രാമം

215 (5018) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വയം പര്യാപ്ത പട്ടികജാതി ഗ്രാമം പദ്ധതി 2015-16-ൽ നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) 2015-16 ൽ പ്രസ്തുത പദ്ധതിയിലേയ്ക്ക് ഓരോ നിയോജകമണ്ഡലത്തിൽ നിന്നും എത്ര കോളനികളെ വീതം തെരഞ്ഞെടുക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നും പദ്ധതിക്കുള്ള തുക വർദ്ധിപ്പിച്ചിട്ടുണ്ടോയെന്നും വിശദമാക്കാമോ ;

(സി) 2015-16 ൽ പ്രസ്തുത പദ്ധതിയിലേയ്ക്ക് തിരുവനന്തപുരം ജില്ലയിൽനിന്നും ഏതെല്ലാം പട്ടികജാതി കോളനികളെ തെരഞ്ഞെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ-സി) 2012-13, 2013-14 വർഷങ്ങളിൽ തെരഞ്ഞെടുത്ത കോളനികളിൽ നടപ്പിലാക്കിവരുന്ന പദ്ധതികൾ പൂർത്തിയാകുന്നമുറയ്ക്ക് പുതിയ കോളനികൾ തെരഞ്ഞെടുക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

ദളിത് ക്രൈസ്തവ വിദ്യാർത്ഥികൾക്കുള്ള സ്റ്റൈപ്പെന്റ്/ലംപ്സം ഗ്രാന്റ്

216 (5019) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദലിത് ക്രൈസ്തവ വിദ്യാർത്ഥികൾക്കുള്ള സ്റ്റൈഫന്റും ലംപ്സംഗ്രാന്റും നൽകുന്നതിലെ അപാകത പരിഹരിച്ച് വ്യക്തമായ ഉത്തരവ് സർക്കാർ പുറപ്പെടുവിക്കുമോ ; പ്രസ്തുത ആനുകൂല്യം 'സ്കോളർഷിപ്പ് അല്ല 'ഗ്രാന്റ് ആണെന്ന് സർക്കാർ ഉത്തരവിൽ വ്യകതമാക്കി ഈ വിഭാഗത്തിലെ കുട്ടികൾക്ക് ആശ്വാസം നൽകുന്നകാര്യം പരിശോധിക്കുമോ ;

(ബി) സ്റ്റൈഫന്റും ലംപ്സംഗ്രാന്റും തുക വർദ്ധിപ്പിക്കുന്നകാര്യം സർക്കാർ പരിശോധിക്കുമോ ;

(സി) സ്വാശ്രയ പ്രൊഫഷണൽ കോഴ്സുകളിൽ അഡ്മിഷൻ നേടുന്ന ഒ.ഇ.സി. കുട്ടികൾക്ക് ഫീസ് ഇളവ് നൽകുന്ന കാര്യത്തിൽ അനുകൂല തീരുമാനമുണ്ടാകുവാൻ വകുപ്പ് മുൻകൈയെടുത്ത് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly